# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം.4302 — 24.10.2016 ൽ മറുപടിയ്ക്ക്

### ഫാർമസിസ്റ്റുകളുടെ തസ്തിക പുനർനാമകരണം

| ചോദ്യം<br>ശ്രീ. രാജു എബ്രഹാം | | ഉത്തരം<br>ശ്രീമതി കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ഭാരതീയ ചികിത്സാ വകുപ്പിലെ ഫാർസിസ്റ്റുകളുടെ തസ്തിക പുനർ നാമകരണം ചെയ്യുന്നതിന് എന്തെങ്കിലും തീരുമാനം എടുത്തിട്ടുണ്ടോ; ഇല്ലെങ്കിൽ പുനർനാമകരണം നടത്തുന്നതിന് എന്തെങ്കിലും സാങ്കേതിക ബുദ്ധിമുട്ടുകൾ ഉണ്ടോ; ഉണ്ടെങ്കിൽ എന്തൊക്കെ പ്രശ്നങ്ങളാണ് ഉള്ളതെന്ന് വിശദമാക്കാമോ; | (എ) | ഫാർമസിസ്റ്റ് തസ്തിക പുനർനാമകരണം ചെയ്യുന്നതു സംബന്ധിച്ച പ്രൊപ്പോസൽ ശമ്പള പരിഷ്കരണ കമ്മീഷൻ മുമ്പാകെ സമർപ്പിക്കാൻ ഭാരതീയ ചികിത്സാവകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിരുന്നു. എന്നാൽ ടി പ്രൊപ്പോസൽ ശമ്പള പരിഷ്കരണ കമ്മീഷൻ മുമ്പാകെ സമർപ്പിച്ചെങ്കിലും ആയത് പരിഗണിച്ചില്ല. |
| (ബി) | കണ്ണൂർ, കോഴിക്കോട് ജില്ലകളിൽ ഒഴികെയുള്ള ജില്ലാ ആയുർവേദ ആശുപത്രികളിൽ സ്റ്റോർ കീപ്പർ ഫാർമസിസ്റ്റ് തസ്തികകൾ അനുവദിക്കുന്നതിനും ഇത് ഗസറ്റഡ് തസ്തികയാക്കുന്നതിനും എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഫാർമസിസ്റ്റ് തസ്തികയ്ക്കായി ഇപ്പോൾ നടത്തുന്ന സർട്ടിഫിക്കറ്റ് കോഴ്സ് ഡിപ്ലോമ കോഴ്സായി ഉയർത്താനോ വിദ്യാഭ്യാസ യോഗ്യത പ്ലസ് ടു ആക്കി ഉയർത്താനോ നീക്കമുണ്ടോ; | (ബി) | ഇല്ല. |
| (സി) | ഈ വകുപ്പിലെ ഫാർമസിസ്റ്റുകൾ ഒഴികെയുള്ളവർക്ക് ഗസറ്റഡ് തസ്തികയിലും അല്ലാതെയും 4 മുതൽ 7 വരെ പ്രമോഷനുകൾ | (സി) | ഫാർമസിസ്റ്റ് ഗ്രേഡ് II ആയി സർവ്വീസിൽ പ്രവേശിക്കുന്നവർക്ക് ഗ്രേഡ് I ആയി പ്രൊമോഷൻ നൽകുകയും തുടർന്ന് സീനിയോറിറ്റി |

| | | | |
|---|---|---|---|
| | ലഭിക്കുമ്പോൾ ഈ വിഭാഗക്കാർ മാത്രം ഫാർമസിസ്റ്റ് ആയി സർവ്വീസിൽ കയറി ഫാർമസിസ്റ്റ് ആയിത്തന്നെ സർവ്വീസിൽ നിന്നു വിരമിക്കുന്നു എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | | പരിഗണിച്ച് 'സ്റ്റോർ കീപ്പർ ഫാർമസിസ്റ്റ്' തസ്തികയിൽ പ്രൊമോഷൻ നൽകിവരുന്നുണ്ട്. |
| (ഡി) | ഈ സ്ഥിതിവിശേഷം മാറ്റി ഇവർക്കുകൂടി ഗസറ്റഡ് തസ്തികയുൾപ്പെടെയുള്ള പ്രമോഷൻ ലഭിക്കുംവിധം ഈ തസ്തിക പുനഃസംഘടിപ്പിക്കാൻ തയ്യാറാകുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ഡി) | വകുപ്പിൽ നിലനിൽക്കുന്ന സ്പെഷ്യൽ റൂൾസിലും ശമ്പള പരിഷ്കരണ ഉത്തരവിലും ടി തസ്തിക ഗസറ്റഡ് തസ്തികയായി ക്രമീകരിച്ചിട്ടില്ല. കൂടാതെ ടി തസ്തികയിലെ ജീവനക്കാർക്ക് ഗസറ്റഡ് തസ്തിക വഹിക്കുവാൻ തക്ക വിധമുള്ള ജോലി ഭാരമോ ഉത്തരവാദിത്വങ്ങളോ ഉണ്ടെന്നുള്ള പഠന റിപ്പോർട്ടുകളും ലഭ്യമല്ല. |
| (ഇ) | ഭാരതീയ നാട്ടുചികിത്സാ വകുപ്പിലെ എല്ലാ ആയുർവേദ ഡിസ്പെൻസറികളിലും ആയുർവേദ ഫാർമസിസ്റ്റ് തസ്തിക ഇല്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഇ) | ഉണ്ട്. |
| (എഫ്) | തസ്തികകൾ സൃഷ്ടിക്കാത്തതു സംബന്ധിച്ച് ഏതെങ്കിലും കോടതികളിൽ നിന്നും ഉത്തരവുകളോ നിർദ്ദേശങ്ങളോ ലഭിച്ചിട്ടുണ്ടോ; | (എഫ്) & (ജി) | ഉണ്ട്. പ്രൊപ്പോസലുകൾ ലഭ്യമാകുന്ന മുറയ്ക്ക് ആവശ്യകത പരിശോധിക്കുന്നതാണ്. |
| (ജി) | കൂടുതൽ ആയുർവേദ ഫാർമസിസ്റ്റ് തസ്തികകൾ സൃഷ്ടിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്? | | |

സെക്ഷൻ ഓഫീസർ